**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് സൗകര്യങ്ങൾ വിപുലീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്ക രോഗബാധിതരുടെ എണ്ണത്തിലുണ്ടാകുന്ന വർധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ജീവിത ശൈലി രോഗങ്ങൾ (പ്രമേഹവും രക്ത സമ്മർദ്ദവും) ഇതിനൊരു കാരണമായി കണക്കാക്കാവുന്നതാണ്. |
| (ബി) | വൃക്കരോഗികൾ പ്രത്യേകമായി അനുഭവിച്ച് വരുന്ന മാനസികവും ശാരീരികവും സാമ്പത്തികവുമായ പ്രയാസങ്ങൾ പരിഗണിച്ച് ഡയാലിസിസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരം സൗജന്യമായും ഡയാലിസിസ് ചെയ്തു വരുന്നു. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 88 ഡയാലിസിസ് സെന്ററുകൾ പ്രവർത്തന സജ്ജമാണ്. ഹീമോ ഡയാലിസിസ് പ്രക്രിയയുടെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി രോഗികൾക്ക് സൗകര്യപ്രദമായ പെരിടോണിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വൃക്കരോഗ സാദ്ധ്യത മുൻകൂട്ടിക്കണ്ട് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി വൃക്കരോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;വിശദമാക്കാമോ; | (സി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കാനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്. രോഗ നിർണ്ണയത്തിനാവശ്യമായ സ്കാനിംഗ് ഉൾപ്പെടെയുള്ള മറ്റ് നൂതന ഉപകരണങ്ങളും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. വൃക്ക രോഗികൾക്ക് ആവശ്യമായി വരുന്ന ഭക്ഷണക്രമത്തെ കുറിച്ചും വ്യായാമത്തെ കുറിച്ചും ഉള്ള ആരോഗ്യ ബോധവൽക്കരണവും ജീവിത ശൈലി രോഗ ക്ലിനിക്കുകളിലൂടെ നൽകി വരുന്നു. |
| (ഡി) | പരമാവധി വൃക്കരോഗികൾക്ക് സൗജന്യ | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ഡയാലിസിസ് സൗകര്യം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ